# പതിനഞ്ചാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2023-26)

## അൻപത്തിനാലാമത് റിപ്പോർട്ട്

(2025 മാർച്ച് 21-ാം  തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

**പതിനഞ്ചാം കേരള നിയമസഭ**

**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി**
**(2023-26)**

**അൻപത്തിനാലാമത് റിപ്പോർട്ട്**

**കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ ഏഴ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 115-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.**

## <u>ഉള്ളടക്കം</u>


| | പേജ് |
| --- | --- |
| സമിതിയുടെ ഘടന | .... |
| ആമുഖം | .... |
| റിപ്പോർട്ട് | .... |
| സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ | .... |

## <u>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023–26)</u>

### <u>ഘടന</u>

**<u>ചെയർപേഴ്സൺ:</u>**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**<u>അംഗങ്ങൾ</u> :**

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

# ആമുഖം

കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ ഏഴ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 115-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 31.07.2023, 16.08.2023, 04.01.2024, 14.03.2024, 19.09.2024 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2023-26)യുടെ 18.03.2025-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

**ഇ. ചന്ദ്രശേഖരൻ**,
ചെയർപേഴ്സൺ,
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
21.03.2025.

# റിപ്പോർട്ട്

ഏഴ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 115-ാമത് റിപ്പോർട്ട് 2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ പത്ത് ശിപാർശകളാണ് ഉൾപ്പെട്ടിരുന്നത്. എല്ലാ ശിപാർശകളിന്മേലും സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതിയുടെ 31.07.2023, 16.08.2023, 04.01.2024, 14.03.2024, 19.09.2024 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. നികുതി വകുപ്പുമായി ബന്ധപ്പെട്ട 1, 2, 3, 4 എന്നീ ഖണ്ഡികകളും മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട 1, 2, 8 എന്നീ ഖണ്ഡികകളും ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 1, 2, 5, 6 എന്നീ ഖണ്ഡികകളും 31.07.2023 തീയതിയിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 1, 2 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി പത്രിക 16.08.2023 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട 1, 2, 9 എന്നീ ഖണ്ഡികകൾ 01.04.2024 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 10-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 14.03.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു. ഖണ്ഡിക 10-ന്മേൽ സമിതി ആരാഞ്ഞ അധികവിവരവും ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട 1, 2, 7 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടിയും 19.09.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും, ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ | നടപടി റിപ്പോർട്ട് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1 | വ്യവസായം, നികുതി, വിനോദസഞ്ചാരം, ഗതാഗതം, ഭക്ഷ്യപൊതുവിതരണം, മത്സ്യബന്ധന തുറമുഖം | 1961-ലെ ആദായ നികുതി നിയമപ്രകാരം നികുതി റിട്ടേൺ, പ്രകാരം നികുതി റിട്ടേൺ, മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ യഥാസമയം കൃത്യതയോടെ കണക്കാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ യഥാസമയം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും, നികുതി അടയ്ക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ആയതിന് പലിശ നൽകേണ്ടി വരുമെന്നുമുള്ള വ്യവസ്ഥ നിലനിൽക്കെ നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിൽ കുറ്റകരമായ അനാസ്ഥ പൊതുമേഖലാസ്ഥാപനങ്ങളിൽ ആവർത്തിച്ചു വരുന്നതായി സമിതി നിരീക്ഷിക്കുന്നു. | **<u>വ്യവസായ വകുപ്പ്</u>**<br>ശിപാർശകളിലെ വ്യവസ്ഥകൾ പാലിക്കുവാൻ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം ബഹു. സമിതി മുൻപാകെ അറിയിച്ചു കൊള്ളുന്നു.<br>**<u>നികുതി വകുപ്പ്</u>**<br>നികുതി റിട്ടേൺ, മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ യഥാസമയം കൃത്യതയോടെ കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.<br>**<u>വിനോദ സഞ്ചാര വകുപ്പ്</u>**<br>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)-യുടെ ശിപാർശ പ്രകാരം ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് |

| | | | | |
|---|---|---|---|---|
| | | | | കോർപ്പറേഷൻ ലിമിറ്റഡ് നിയമപരമായി ഒടുക്കേണ്ട നികുതികൾ യഥാസമയം കൃത്യമായി ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി അടവിൽ വീഴ്ച വരുത്തുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br>കോർപ്പറേഷന്റെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**<u>ഗതാഗത വകുപ്പ്</u>**<br><br>ടി. ഡി. എസ്. പ്രകാരം തുക കുറവ് ചെയ്ത് അടയ്ക്കുന്നതിൽ വീഴ്ച വരാത്ത വിധം ആവശ്യമായ നടപടി കെ. ടി. ഡി. എഫ്. സി. സ്വീകരിച്ചിട്ടുണ്ട്.<br><br>**<u>ഭക്ഷ്യപൊതുവിതരണ വകുപ്പ്</u>**<br>1961-ലെ ആദായ നികുതി നിയമ പ്രകാരം, നികുതി റിട്ടേൺ, മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ യഥാസമയം കൃത്യതയോടെ കണക്കാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും, നികുതി അടയ്ക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ആയതിന് പലിശ നൽകേണ്ടി വരുമെന്നുമുള്ള വ്യവസ്ഥ നിലനിൽക്കെ, നിയമപരമായ ബാധ്യത നിറവേറ്റുന്നതിനായി, നികുതികൾ, യഥാസമയം കൃത്യതയോടെ അടയ്ക്കുന്നതിനും സപ്ലൈകോയുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | നടപടി സ്വീകരിക്കുന്നതിനും സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>നികുതി അടവിൽ വിഴ്ച വരുന്നതുമൂലം കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**<u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u>**<br><br>നികുതി റിട്ടേൺ യഥാസമയം കൃത്യതയോടെ കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള നിർദ്ദേശം കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| 2 | 2 | വ്യവസായം, നികുതി, വിനോദസഞ്ചാരം, ഗതാഗതം, ഭക്ഷ്യപൊതുവിതരണം, മത്സ്യബന്ധന തുറമുഖം | നിയമപരമായ ബാധ്യത നിറവേറ്റുന്നതിനായി, നികുതികൾ യഥാസമയം കൃത്യതയോടെ അടയ്ക്കണമെന്നുള്ള കർശന നിർദേശം അതാത് ഭരണ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് സമിതി നിർദേശിക്കുന്നു. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു. നികുതികൾ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുന്നത് ഭാവിയിൽ ആവർത്തിക്കുന്ന പക്ഷം, നികുതി അടവിൽ വീഴ്ച വരുന്നതുമൂലം | **<u>വ്യവസായ വകുപ്പ്</u>**<br>ശിപാർശകളിലെ വ്യവസ്ഥകൾ പാലിക്കുവാൻ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം ബഹു. സമിതി മുൻപാകെ അറിയിച്ചു കൊള്ളുന്നു.<br>**<u>നികുതി വകുപ്പ്</u>**<br>നിയമപരമായ ബാധ്യത നിറവേറ്റുന്നതിനായി നികുതികൾ യഥാസമയം കൃത്യതയോടെ അടയ്ക്കണമെന്നും കൂടാതെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നികുതികൾ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച |

| | | | | |
|---|---|---|---|---|
| | | | കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം, നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. | വരുന്നത് ഭാവിയിൽ ആവർത്തിക്കുന്ന പക്ഷം, നികുതി അടവിൽ വീഴ്ച വരുന്നതുമൂലം കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം, നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കെ.എസ്.ബി.സി. മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.<br>**വിനോദ സഞ്ചാര വകുപ്പ്**<br><br>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)-യുടെ ശിപാർശ പ്രകാരം ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നിയമപരമായി ഒടുക്കേണ്ട നികുതികൾ യഥാസമയം കൃത്യമായി ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി അടവിൽ വീഴ്ച വരുത്തുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br>കോർപ്പറേഷന്റെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br>**ഗതാഗത വകുപ്പ്**<br>കെ. ടി. ഡി. എഫ്. സി. കാല താമസം കൂടാതെ ടി. ഡി. എസ്. അടച്ചിട്ടുണ്ട്. കമ്പനിയുടെ അക്കൗണ്ട്സ് വിഭാഗം ശാക്തീകരിക്കുന്നതിന് ആവശ്യമായ നടപടി കെ. ടി. ഡി. എഫ്. സി. |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിച്ചിട്ടുണ്ട്.<br>**ഭക്ഷ്യപൊതുവിതരണ വകുപ്പ്**<br>1961–ലെ ആദായ നികുതി നിയമ പ്രകാരം, നികുതി റിട്ടേൺ, മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ യഥാസമയം കൃത്യതയോടെ കണക്കാക്കി പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും, നികുതി അടയ്ക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ആയതിന് പലിശ നൽകേണ്ടി വരുമെന്നുമുള്ള വ്യവസ്ഥ നിലനിൽക്കെ, നിയമപരമായ ബാധ്യത നിറവേറ്റുന്നതിനായി, നികുതികൾ, യഥാസമയം കൃത്യതയോടെ അടയ്ക്കുന്നതിനും സപ്ലൈകോയുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>നികുതി അടവിൽ വിഴ്ച വരുന്നതുമൂലം കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**മത്സ്യബന്ധന തുറമുഖ വകുപ്പ്**<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും നികുതികൾ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത് ആവർത്തിക്കുന്ന പക്ഷം, ഉണ്ടാകുന്ന നഷ്ടം കണക്കാക്കി സർക്കാരിലേയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | | അടയ്ക്കുന്നതിനുള്ള ബാധ്യത നിജപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | 3 | നികുതി വകുപ്പ് | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകാതിരിക്കുന്നതിനാലും ഔട്ട് ലെറ്റുകളിൽ നിന്ന് യഥാസമയം കണക്കുകൾ ലഭിക്കാത്തതിനാലും ലാഭം മുൻകൂറായി കണക്കാക്കാൻ കഴിയില്ലെന്നും ആയതിനാൽ കൃത്യമായി മുൻകൂർ നികുതിയും ത്രൈമാസ നികുതിയും അടയ്ക്കാൻ കഴിയില്ലെന്നുമുള്ള കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. നികുതി അടവ് 1961–ലെ ആദായനികുതി നിയമ പ്രകാരം നിർബന്ധമായതിനാൽ കമ്പനിയുടെ പരിമിതികളെ മറികടന്ന് ആദായ നികുതി നിയമങ്ങൾ പാലിക്കേണ്ട ബാധ്യത കോർപ്പറേഷനുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ അക്കൗണ്ടിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ സാമ്പത്തികവർഷത്തെയും ലാഭം കണക്കാക്കി മുൻകൂർ അടയ്ക്കേണ്ടുന്ന ആദായനികുതി നശ്ചയിക്കുന്നതിലും ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിലും സംഭവിച്ച | 1961 –ലെ ആദായ നികുതി നിയമ പ്രകാരം നികുതി അടയ്ക്കുന്നത് നിർബന്ധമായതിനാൽ, കൃത്യ സമയത്ത് തന്നെ മുൻകൂർ നികുതിയും, ത്രൈമാസ നികുതിയും കൃത്യമായി അടയ്ക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. അതാത് സാമ്പത്തിക വർഷത്തിൽ 2 മാസത്തെ വില്പനയുടെ അടിസ്ഥാനത്തിൽ അത് 3 മാസത്തേക്ക് എത്രയാകും എന്ന് മുൻകൂട്ടി കണക്കാക്കിയാണ് നിലവിൽ ത്രൈമാസ നികുതി മുൻകൂറായി അടയ്ക്കുന്നത്. സാമ്പത്തിക വർഷത്തെ ആഡിറ്റിംഗ് പൂർത്തിയായി കഴിയുമ്പോൾ ആദായ നികുതി റിട്ടേണുകൾ കൃത്യസമയത്ത് തന്നെ ഫയൽ ചെയ്യുന്നുണ്ട്. അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ ക്രോഡീകരിച്ച് കോർപ്പറേഷന്റെ ലാഭം കണക്കാക്കി ആദായ നികുതി തുക കണക്കാക്കി കഴിയുമ്പോൾ അത് കോർപ്പറേഷൻ മുൻകൂർ ആയിട്ട് അടച്ച തുകയുമായി തട്ടിക്കിഴിച്ച് കഴിയുമ്പോൾ, അധികം അടച്ച തുക ആദായ നികുതി റീഫണ്ട് ആയി കോർപ്പറേഷന് ലഭിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പോരായ്മകൾ പരിഹരിക്കുന്നതിന് അക്കൗണ്ടിംഗ് മേഖലയിൽ പ്രാവീണ്യമുള്ളവരെ നിയമിച്ച് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ അക്കൗണ്ടസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതി നാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർമാരായ ജീവനക്കാരുടെ അക്ഷീണ പ്രയത്ന ഫലമായി 2022 ഫെബ്രുവരി മാസത്തോടെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോർപ്പറേഷന്റെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി ചാർട്ടേഡ് അക്കൗണ്ടന്റ് യോഗ്യതയുള്ള ജനറൽ മാനേജർ (ഫിനാൻസ്) തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുള്ളതാകുന്നു. |
| 4 | 4 | നികുതി വകുപ്പ് | മദ്യത്തിന്റെ വിലവർദ്ധന സ്ഥാപനത്തിന്റെ ലാഭത്തിൽ തട്ടിക്കിഴിക്കുന്നതിനും പകരം ഉപഭോക്താക്കളിൽ അടിച്ചേൽപ്പിക്കാനുള്ള കോർപ്പറേഷന്റെ പ്രവണതയോട് സമിതി യോജിക്കുന്നില്ല. ആദായ നകുതി കൃത്യമായി അടയ്ക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു. | മദ്യ വില്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിലെ നാമമാത്രമായ തുകയാണ് കോർപ്പറേഷന് വരുമാനമായി ലഭിക്കുന്നത്. വില്പന തുകയുടെ 3/4 ഭാഗവും വിവിധ നികുതി ഇനങ്ങളിലായി സർക്കാരിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. മദ്യത്തിന്റെ വില വർദ്ധനവ് സ്ഥപനത്തിന്റെ ലാഭത്തിൽ തട്ടിക്കിഴിക്കുന്നത് കോർപ്പറേഷന്റെ നിലനില്പിനെ ബാധിക്കും. ആദായനികുതി കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ചകൾ ഒന്നും വരുത്തുന്നില്ല. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി അത്യാധുനിക POS സംവിധാനമുള്ള ബില്ലിംഗ് മെഷീനുകൾ ആണ് സ്ഥാപിക്കുന്നത്. ഇത് ഔട്ട് ലെറ്റുകളിലെ ബില്ലിംഗിന് കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാനും തിരക്ക് കുറയ്ക്കുവാനും സഹായിക്കുന്നതാണ്. |
| 5 | 5 | ഭക്ഷ്യപൊതു | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് | അക്കൗണ്ടുകൾ യഥാസമയം |

| | | | | |
|---|---|---|---|---|
| | | വിതരണ വകുപ്പ് | കോർപ്പറേഷൻ ലിമിറ്റഡ് യഥാസമയം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അതിന്റെ ഫലമായി പിഴയടയ്ക്കേണ്ടി വരികയും ചെയ്തത് കമ്പനിയുടെ അക്കൗണ്ടിംഗ് വിഭാഗത്തിന്റെ പോരായ്മയാണെന്ന് സമിതി വിലയിരുത്തി. അക്കൗണ്ടുകൾ യഥാസമയം പൂർത്തീകരിച്ച് നികുതികൾ പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരം വീഴ്ച വരാതെ ശ്രദ്ധക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | പൂർത്തീകരിച്ച നികുതികൾ പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ഭാവിയിൽ ഇത്തരം വീഴ്ച വരാതെ ശ്രദ്ധിക്കുന്നതിനും സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1961-ലെ ആദായനികിതി നിയമപ്രകാരം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ ഭാഗമായി പിഴ അടയ്ക്കേണ്ടി വന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വീഴ്ചയാണെന്ന് അംഗീകരിക്കു ന്നതോടൊപ്പം ഭാവിയിൽ ഇത്തരം നിയമലംഘനം ആവർത്തിക്കില്ലെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നു. |
| 6 | 6 | ഭക്ഷ്യപൊതു വിതരണ വകുപ്പ് | 1964-ലെ ആദായനികുതി നിയമപ്രകാരം മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവയുടെ അടവ് നടത്താത്തതിനാലാണ് പിഴ അടയ്ക്കേണ്ടിവന്നതെന്ന വസ്തുത കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് അംഗീകരിച്ചിട്ടില്ലെന്നാണ് സർക്കാർ സമിതിക്ക് നൽകിയ മറുപടിയിൽ നിന്ന് മനസ്സിലാക്കുന്നതെന്ന് ചൂണ്ടികാണിച്ച സമിതി, നിയമം മൂലം നിർബന്ധമായി അടയ്ക്കേണ്ട നികുതി അടയ്ക്കുന്നതിൽ ഉണ്ടായ വീഴ്ച അംഗീകരിച്ചു കൊണ്ടും ഭാവിയിൽ ഇത്തരം നിയമലംഘനം ആവർത്തിക്കില്ലെന്ന് ഉറപ്പു നൽകുകയും ചെയ്തുകൊണ്ടുള്ള മറുപടിയാണ് സമിതി മുമ്പാകെ സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നു. | |
| 7 | 7 | ഗതാഗത | കെ. എസ്. ആർ. ടി. സി.-യുടെ | കെ. ടി. ഡി. എഫ്. സി.-യിൽ |

| | | | | |
|---|---|---|---|---|
| | | വകുപ്പ് | ഫീഡർ കമ്പനിയായി രൂപീകരിക്കപ്പെട്ട കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് നിലവിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും ലോൺ കൊടുക്കുന്ന സ്ഥാപനമായി മാറിയിരിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി ഇത് ഒട്ടും അഭിലഷണീയമായ കാര്യമല്ലെന്ന് ഓർമ്മിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത 15 പേരിൽ നിന്നും തിരികെ ലഭിക്കാനുള്ള 61.33 കോടി രൂപയിൽ 15.46 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നാണ് സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ബാക്കി തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. | നിന്നും അനുവദിച്ച 15 നിർമ്മാണ വായ്പകൾ കുടിശ്ശികയായത് സംബന്ധിച്ചാണ് നിയമസഭാ കമ്മിറ്റിയുടെ 115–ാമത് റിപ്പോർട്ടിലെ ഖണ്ഡിക 7–ൽ പ്രതിപാദിച്ചിട്ടുള്ളത്. കൈക്കൊണ്ട റവന്യൂ റിക്കവറി നടപടികളുടെ ഫലമായി, പ്രസ്തുത വായ്പകളിൽ 8 എണ്ണം പൂർണ്ണമായി അടച്ചു തീർത്തതായി കെ. ടി. ഡി. എഫ്. സി. അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 7 വായ്പകളിൽ മൂന്നു വായ്പക്കാർ കെ. ടി. ഡി. എഫ്. സി. നടത്തിയ ഒറ്റത്തവണ തീർപ്പാക്കലിലൂടെ അടച്ചു തീർക്കാമെന്ന് സമ്മതിക്കുകയും ഭാഗികമായി പണമടയ്ക്കുകയും ചെയ്തിട്ടുള്ളതായി കെ. ടി. ഡി. എഫ്. സി. അറിയിച്ചിട്ടുണ്ട്. വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി കേരള റവന്യൂ റിക്കവറി ആക്റ്റ് 1968–ന്റെ അടിസ്ഥാനത്തിലുള്ള റവന്യൂ റിക്കവറി നടപടികൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾ മുഖേന കുടിശ്ശികക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ളതാണെന്നും കെ. ടി. ഡി. എഫ്. സി. അറിയിച്ചിട്ടുണ്ട്. |
| 8 | 8 | മത്സ്യബന്ധന തുറമുഖ വകുപ്പ് | കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡിന് 2004–2005 മുതൽ 2007–2008 വരെയുള്ള കാലയളവിൽ ഉണ്ടായ ₹ 9.38 കോടിയുടെ സഞ്ചിത നഷ്ടം 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 72 പ്രകാരം 2012–2013, 2013–2014 വർഷങ്ങളിൽ കമ്പനിക്ക് ഉണ്ടായ ലാഭത്തിൽ തട്ടിക്കിഴിക്കാൻ യോഗ്യമായിരുന്നിട്ടും | കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ കേരള മാരിടൈംബോർഡിൽ ലയിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | 2004-2005 മുതൽ 2007-2008 വരെയുള്ള അക്കൗണ്ട്സ് തയ്യാറാക്കുന്നതിൽ ഉണ്ടായ കാലവിളംബരം മൂലം വകുപ്പ് 72 പ്രകാരമുള്ള അവസരം പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരികയും അതുമൂലം ഒഴിവാക്കാമായിരുന്ന നികുതിയായ ₹ 38.22 ലക്ഷം രൂപ കമ്പനി അടയ്ക്കേണ്ടി വന്നതായും സമിതി നിരീക്ഷിക്കുന്നു. അക്കൗണ്ട്സ് യഥാസമയം തയ്യാറാക്കുന്നതിൽ ഉണ്ടായ വീഴ്ചയും അക്കൗണ്ട്സ് വിഭാഗത്തിന്റെ കെടുകാര്യസ്ഥതയുമാണ് ഇതിന് കാരണമെന്ന് ചൂണ്ടിക്കാണിച്ച സമിതി, അക്കൗണ്ട്സ് യഥാസമയം തയ്യാറാക്കി നികുതി റിട്ടേൺ സമർപ്പിക്കുന്നതിനും മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ ഒടുക്കുന്നതിൽ കമ്പനി നിതാന്ത ജാഗ്രത പുലർത്തണമെന്നും ഭാവിയിൽ ഇത്തരം വീഴ്ച്ചകൾ വരാതെ ശ്രദ്ധിക്കണമെന്നും ശിപാർശ ചെയ്യുന്നു. | |
| 9 | 9 | വ്യവസായ വകുപ്പ് | 2013-14 സാമ്പത്തിക വർഷത്തിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന് കാലതാമസം വന്നിരുന്നുവെങ്കിലും, നിലവിൽ കമ്പനി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ഭാവിയിൽ കാലതാമസം വരുത്തരുതെന്ന് സമിതി നിർദ്ദേശിക്കുന്നു. | 2013-14 സാമ്പത്തിക വർഷത്തിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിന് കാലതാമസം വന്നിരുന്നെങ്കിലും അതിനു ശേഷമുള്ള സാമ്പത്തിക വർഷങ്ങളിൽ കമ്പനി സമയബന്ധിതമായി ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ആദായനികുതി റിട്ടേൺ 18/10/2019 ലും 2019-20 |

| | | | | |
|---|---|---|---|---|
| | | | | വർഷത്തെ ആദായനികുതി റിട്ടേൺ 14/02/2021 നും കമ്പനി ഫയൽ ചെയ്തിട്ടുണ്ട്. ഭാവിയിലും കൃത്യസമയത്ത് ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുവാൻ കമ്പനി അതീവശ്രദ്ധ ചെലുത്തുന്നതാണെന്ന വിവരം ബഹു. സമിതി മുമ്പാകെ അറിയിച്ചുകൊള്ളുന്നു. |
| 10 | 10 | വ്യവസായ വകുപ്പ് | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നികുതി റിട്ടേൺ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി, ത്രൈമാസ നികുതി എന്നിവ ഒടുക്കുന്നതിലും വീഴ്ച വരുത്തിയെന്നു മാത്രമല്ല കരാറുകാരന് ജോലി നടത്തിപ്പിനായി നൽകിയ 3.13 കോടി രൂപയിൽ 1961-ലെ ആദായ നികുതി നിയമനത്തിലെ 194 സി വകുപ്പ് പ്രകാരം 2 ശതമാനം നികുതി ഈടാക്കുന്നതിലുണ്ടായ വീഴ്ചയിലൂടെ 1.02 കോടി രൂപയുടെ നികുതി ബാധ്യത കമ്പനിയ്ക്ക് ഉണ്ടായതായി സമിതി നിരീക്ഷിക്കുന്നു. നികുതി അടവ് നിയമം മൂലം നിർബന്ധമാക്കിയതാണെന്നും ഫണ്ടിന്റെ ലഭ്യതയെ ആശ്രയിച്ചല്ലായെന്നും ആയതിൽ വ്യതിയാനം വരുന്നത് ഇതിൽ ഒരു ഘടകമാകുന്നില്ല എന്നും ചൂണ്ടിക്കാണിച്ച സമിതി നികുതി കൈകാര്യം ചെയ്യുന്നതിനുള്ള യോഗ്യത നേടിയതോ അനുഭവ ജ്ഞാനമുള്ളവരോ ആയ ഉദ്യോഗസ്ഥരുടെ അഭാവവും ധനാഗമനത്തിൽ വന്ന തീവ്രമായ കുറവും കൊണ്ടാണ് നികുതി | 1961-ലെ ആദായ നികുതി നിയമ പ്രകാരം നികുതി അടയ്ക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളും കൃത്യതയോട സ്വീകരിക്കുന്നതിനുമുള്ള കർശന നിർദേശം വ്യവസായ വകുപ്പിന് കീഴിലുള്ള എല്ലാ പൊതു മേഖലാ സ്ഥാപന മേധാവികൾക്കും നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ അക്കൗണ്ട്സിൽ പ്രാവീണ്യം ഉള്ളവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നിലവിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി അടയ്ക്കുന്നതിലും കമ്പനി വീഴ്ച വരുത്തുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | കണക്കാക്കുന്നതിലും അടയ്ക്കുന്നതിലും വീഴ്ച വന്നതെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വിദഗ്ധരായ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി നിർദേശിക്കുന്നു. കമ്പനിയുടെ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തി കൃത്യമായി നികുതി കണക്കാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| | | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><br>കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിദഗ്ധരായ ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 30.01.2019-ലെ സ.ഉ.(കൈ) നം. 11/2019/വ്യവ പ്രകാരം കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ അക്കൗണ്ട്സ് ഓഫീസറുടെയും, അക്കൗണ്ട്സ് അസിസ്റ്റന്റിന്റെയും ഓരോ തസ്തികയുൾപ്പെടെ 11 തസ്തികകൾ സൃഷ്ടിച്ചിരുന്നു. കമ്പനിയിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തിയിരുന്നെങ്കിലും അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ നിയമിച്ചിരുന്നയാൾ ജോലി രാജിവച്ച് പോയതിനെത്തുടർന്ന് പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |

| | | | | |
|---|---|---|---|---|
| | | | | അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ഒരാൾ ജോലി ചെയ്തു വരുന്നുണ്ട്. നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിലും മുൻകൂർ നികുതി അടയ്ക്കുന്നതിലും നിലവിൽ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വീഴ്ച വരുത്തുന്നില്ല. |

**ഇ. ചന്ദ്രശേഖരൻ**
ചെയർപേഴ്സൺ,
പൊതുമേഖലാ സ്ഥാപനങ്ങളെ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം
21.03.2025.